**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3121** **14-02-2024 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷനിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുവാനുള്ള ജൽ ജീവൻ മിഷനിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ശുദ്ധമായ കുടിവെള്ളം നിശ്ചിത അളവിൽ തടസ്സങ്ങളില്ലാതെ ഉറപ്പാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് ഇതുവരെ 19,10,738വീടുകളിൽ വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും പൈപ്പ് കണക്ഷനുകൾ നൽകി കുടിവെള്ളം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | ജല വിതരണം കാര്യക്ഷമമാക്കാനും ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും താലൂക്ക് തലത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ടീമുകളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജല വിതരണം കാര്യക്ഷമമാക്കാനും ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24*7 പ്രവർത്തിക്കുന്ന പരിഹാരകേന്ദ്രം 2019 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ അവ പരിഹരിക്കാൻ ചുമതല ഉള്ള ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കാറുണ്ട്. മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിനായി എല്ലാ മെയിന്റനൻസ് ഡിവിഷൻ ഓഫീസ് പരിധിയിലും ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അധികമായ വെള്ളക്കരം വരുന്നു എന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന തലത്തിലും പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സെക്ഷൻ, സബ്ഡിവിഷൻ, ഡിവിഷൻ തലത്തിൽ ലഭിക്കുന്ന വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് അതാത് റവന്യൂ ഡിവിഷനുകളിലെ റവന്യൂ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 14 ജില്ലാ ആസ്ഥാനങ്ങൾക്ക് തുല്യമായി 12 സർക്കിൾ ഓഫീസുകളാണ് കേരള വാട്ടർ അതോറിറ്റിക്കുള്ളത്. സർക്കിൾ തലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി 12 അക്കൗണ്ട് |

| | | | |
|---|---|---|---|
| | | | ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ ഹെഡ് ഓഫീസിൽ റവന്യൂ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ